**മധുരമായ കുട്ടികളേ- നിങ്ങളുടെ തോണി അക്കരെയെത്തിക്കുവാനായി തോണിക്കാരൻ വന്നിരിക്കുകയാണ്, നിങ്ങൾ ബാബയോട് സത്യമായിരിക്കൂ, തോണി ആടിയാലും, ഉലഞ്ഞാലും പക്ഷേ മുങ്ങുകയില്ല.**

**ചോദ്യം-** ബാബയുടെ ഓർമ്മ കുട്ടികളിൽ യഥാർത്ഥമായി ഇരിക്കാത്തതിനുള്ള മുഖ്യമായ കാരണം എന്താണ്?

**ഉത്തരം-** സാകാരത്തിൽ വന്ന്-വന്ന് ഞാൻ ആത്മാവ് നിരാകാരനാണ്, പിന്നെ നമ്മുടെ അച്ഛനും, നിരാകാരനാണ് എന്നകാര്യം മറന്നുപോയി, സാകാരമായതിനാൽ സാകാരത്തിന്റെ ഓർമ്മയാണ് സഹജമായി വരിക. ദേഹീ അഭിമാനിയായി മാറി സ്വയം ബിന്ദുവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുക- ഇതിൽത്തന്നെയാണ് പരിശ്രമം.

**ഓം ശാന്തി**. ശിവഭഗവാൻ പറയുകയാണ്. ഇദ്ദേഹത്തിന്റെ പേര് ശിവൻ എന്നല്ലല്ലോ. ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവ് എന്നാണ് ,പിന്നെ ഇദ്ദേഹത്തിലൂടെ സംസാരിക്കുന്നത് ശിവഭഗവാനാണ്. വളരെ പ്രാവശ്യം ഈ കാര്യം മനസ്സിലാക്കിത്തന്നിട്ടുണ്ട് എന്തുകൊണ്ടെന്നാൽ മനുഷ്യരേയോ , ദേവതകളേയോ അഥവാ സൂക്ഷ്മ വതനവാസികളായ ബ്രഹ്മാ വിഷ്ണു ശങ്കരന്മാരെയോ ഭഗവാൻ എന്ന് വിളിക്കാൻ പറ്റില്ല. സാകാരത്തിലോ ആകാരത്തിലോ ഏതെങ്കിലും ചിത്രമുണ്ടെങ്കിൽ അവരെ ഭഗവാൻ എന്ന് വിളിക്കാൻ പറ്റില്ല. ഭഗവാൻ എന്ന് വിളിക്കുന്നത് പരിധിയില്ലാത്ത അച്ഛനെയാണ്. ഭഗവാൻ ആരാണ് എന്നത് ആർക്കും അറിയില്ല. നേതി-നേതി അഥവാ ഞങ്ങൾക്ക് അറിയില്ല എന്ന് പറയുന്നു. നിങ്ങളിലും കുറച്ചുപേരേ യഥാർത്ഥരീതിയിൽ അറിയുന്നുള്ളു. ആത്മാവ് വിളിക്കുന്നു- അല്ലയോ ഭഗവാനേ ..... ഇപ്പോൾ ആത്മാവ് ബിന്ദുവാണ്. അപ്പോൾ ബാബയും ബിന്ദുതന്നെയായിരിക്കും. ഇപ്പോൾ അച്ഛൻ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. ബാബക്ക് 30-35 വയസ്സായ കുട്ടികളുമുണ്ട്, നമ്മൾ ആത്മാക്കൾ എങ്ങനെയുള്ള ബിന്ദുവാണ് എന്നതുപോലും അറിയാത്തവർ! ചിലർ നല്ലരീതിയിൽ മനസ്സിലാക്കും, ബാബയെ ഓർമ്മിക്കും. പരിധിയില്ലാത്ത ബാബയാണ് സത്യമായ വജ്രം. വജ്രം വളരെ നല്ല ഡബ്ബയിലാണ് ഇട്ടുവെക്കുക. ആർക്കെങ്കിലും നല്ല വജ്രമുണ്ടെങ്കിൽ അത് കാണിച്ചുകൊടുക്കുമ്പോൾ സ്വർണ്ണത്തിന്റേയോ വെള്ളിയുടേയോ ഡബ്ബയിൽ ഇട്ടാണ് കാണിക്കുക. വജ്രത്തെ വജ്രവ്യാപാരിക്കുമാത്രമേ തിരിച്ചറിയാൻ സാധിക്കൂ. ഡ്യൂപ്ലിക്കേറ്റ് വജ്രം കാണിച്ചാലും ആർക്കും തിരിച്ചറിയാൻ സാധിക്കില്ല. ഇങ്ങനെ ഒരുപാട് ചതികൾ നടക്കുന്നുണ്ട്. അതിനാൽ ഇപ്പോൾ സത്യമായ ബാബ വന്നിരിക്കുകയാണ്, പക്ഷേ അസത്യമായതും ഇതുപോലെയുണ്ട് അതിനാൽ മനുഷ്യർക്ക് ഒന്നും അറിയാൻ പറ്റുന്നില്ല. സത്യത്തിന്റെ തോണി ആടും ഉലയും പക്ഷേ മുങ്ങുകയില്ല എന്ന് പാടാറുണ്ട്. അസത്യത്തിന്റെ തോണി ആടുകയില്ല, ഇവിടെ ഇത് എത്രമാത്രം ആടുന്നു. ഇവിടെ ഈ തോണിയിൽ ഇരിക്കുന്നവർ തന്നെ ആട്ടുന്നു. കുലദ്രോഹിയാവാറുണ്ടല്ലോ. ഇപ്പോൾ നിങ്ങൾക്കറിയാം, തോണിക്കാരനായ ബാബ വന്നിരിക്കുന്നു. പൂന്തോട്ടത്തിന്റെ ഉടമസ്ഥനും കൂടിയാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇത് മുള്ളുകളുടെ കാടാണ്. എല്ലാവരും പതിതമല്ലേ. എത്രത്തോളം അസത്യമാണ്. സത്യമായ ബാബയെ വിരളം ചിലരേ അറിയുന്നുള്ളു. ഇവിടെയുള്ളവരും പൂർണ്ണമായി അറിയുന്നില്ല, പൂർണ്ണമായ തിരിച്ചറിവില്ല, എന്തുകൊണ്ടെന്നാൽ ഗുപ്തമല്ലേ. ഭഗവാനെ എല്ലാവരും ഓർമ്മിക്കുന്നുണ്ട്, ഇതും അറിയാം ഭഗവാൻ നിരാകാരനാണ്. പരമധാമത്തിലാണ് വസിക്കുന്നത്. നമ്മളും നിരാകാരനായ ആത്മാക്കളാണ്- ഇത് അറിയില്ല. സാകാരത്തിൽ ഇരുന്ന് ഇരുന്ന് ഇത് മറന്നുപോയി. സാകാരത്തിൽ ഇരുന്ന് ഇരുന്ന് സാകാരം തന്നെ ഓർമ്മ വരുന്നു. നിങ്ങൾ കുട്ടികൾ ഇപ്പോൾ ദേഹീ അഭിമാനിയാകുന്നു. ഭഗവാനെയാണ് പരമപിതാ പരമാത്മാവ് എന്നു പറയുന്നത്. ഇത് മനസ്സിലാക്കുക വളരെ സഹജമാണ്. പരമപിതാവ് അർത്ഥം ഏറ്റവും മുകളിൽ വസിക്കുന്ന പരമാത്മാവ്. നിങ്ങളെ ആത്മാവ് എന്നാണ് വിളിക്കുക. നിങ്ങളെ പരമം എന്ന് വിളിക്കില്ല. നിങ്ങൾ പുനർജന്മം എടുക്കുന്നുണ്ടല്ലോ. ഇക്കാര്യങ്ങൾ ആർക്കും അറിയില്ല. ഭഗവാനേയും, സർവ്വവ്യാപി എന്നു പറയുന്നു. ഭക്തർ ഭഗവാനെ അന്വേഷിക്കുന്നു, പർവ്വതങ്ങളിലേയ്ക്കും തീർത്ഥങ്ങളിലേയ്ക്കും നദികളിലേയ്ക്കും പോകുന്നു. നദി പതിതപാവനിയാണ് അതിൽ സ്നാനം ചെയ്താൽ പാവനമായി മാറും എന്ന് കരുതുന്നു. ഭക്തിമാർഗ്ഗത്തിൽ തനിക്ക് എന്താണ് വേണ്ടത് എന്നതുപോലും അറിയില്ല! മുക്തിവേണം, മോക്ഷം വേണം എന്നു പറയുകമാത്രം ചെയ്യുന്നു എന്തെന്നാൽ ദുഃഖം കാരണം ബുദ്ധിമുട്ടുകയാണ്. സത്യയുഗത്തിൽ ആരെങ്കിലും മുക്തിയോ മോക്ഷമോ വേണമെന്ന് പറയുമോ? അവിടെ ആരും ഭഗവാനെ വിളിക്കുന്നില്ല, ഇവിടെ ദുഃഖിയായതുകാരണം വിളിക്കുന്നു. ഭക്തിയിലൂടെ ആരുടെയും ദുഃഖം ഇല്ലാതാവില്ല. ഒരു ദിവസം മുഴുവനും ഇരുന്ന് രാമരാമാ എന്ന് ജപിച്ചാലും ദുഃഖം ഇല്ലാതാവില്ല. ഇത് രാവണരാജ്യമാണ്. ദുഃഖത്തെ കഴുത്തിൽ ബന്ധിച്ചിരിക്കുകയാണ്. ദുഃഖത്തിൽ എല്ലാവരും ഓർമ്മിക്കും, സുഖത്തിൽ

ആരും ഓർമ്മിക്കില്ല എന്നൊരു പാട്ടുണ്ട്. അതിനർത്ഥം തീർച്ചയായും സുഖം ഉണ്ടായിരുന്നു, ഇപ്പോൾ ദുഃഖമാണ്. സുഖം ഉണ്ടായിരുന്നത് സത്യയുഗത്തിലാണ്, ദുഃഖമുള്ളത് ഇപ്പോൾ കലിയുഗത്തിലാണ് അതിനാലാണ് ഇതിനെ മുള്ളുകളുടെ കാട് എന്ന് പറയുന്നത്. ഒന്നാം നമ്പറിൽ ദേഹാഭിമാനത്തിന്റെ മുള്ളാണ്. പിന്നീടാണ് കാമത്തിന്റെ മുള്ള്.

ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു– നിങ്ങൾ ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ അതെല്ലാം വിനാശമാകാനുള്ളതാണ്. ഇപ്പോൾ നിങ്ങൾക്ക് ശാന്തിധാമത്തിലേക്ക് പോകണം. തന്റെ വീടിനേയും, ശാന്തിധാമത്തേയും ഓർമ്മിക്കൂ. വീടിന്റെ ഓർമ്മയോടൊപ്പമൊപ്പം ബാബയുടെ ഓർമ്മയും ആവശ്യമാണ് എന്തുകൊണ്ടെന്നാൽ വീട് പതിതപാവനമല്ല. നിങ്ങൾ പതിതപാവനൻ എന്ന് ബാബയേയാണ് പറയുന്നത്. അതിനാൽ ബാബയെത്തന്നെ ഓർമ്മിക്കണം. ബാബ പറയുന്നു– എന്നെ മാത്രം ഓർമ്മിക്കൂ. ബാബാ വന്ന് പാവനമാക്കൂ... എന്നുപറഞ്ഞ് എന്നെത്തന്നെയല്ലേ വിളിക്കുന്നത്. ജ്ഞാനത്തിന്റെ സാഗരമാണെങ്കിൽ തീർച്ചയായും വന്ന് വായിലൂടെ മനസ്സിലാക്കിത്തരേണ്ടതായി വരും. പ്രേരണ നൽകില്ലല്ലോ. ഒരു ഭാഗത്ത് ശിവജയന്തി ആഘോഷിക്കുന്നു മറുവശത്ത് നാമരൂപങ്ങളിൽ നിന്നും വേറിട്ടതാണെന്ന് പറയുന്നു. നാമ രൂപങ്ങളില്ലാത്ത ഒരു വസ്തുവും ഉണ്ടാകില്ല. പിന്നീട് പറയുന്നു കല്ലിലും മുള്ളിലും ഉണ്ടെന്ന്. അനേകം അഭിപ്രായങ്ങളല്ലേ. ബാബ പറയുന്നു 5 വികാരങ്ങളാകുന്ന രാവണൻ നിങ്ങളെ തുച്ഛബുദ്ധികളാക്കി മാറ്റിയിരിക്കുന്നു അതിനാലാണ് നിങ്ങൾ ദേവതകൾക്കുമുന്നിൽ ചെന്ന് നമസ്ക്കരിക്കുന്നത്. ചിലർ നാസ്തികരായിരിക്കും, ഒന്നിനേയും അംഗീകരിക്കില്ല. ഇവിടെ ബാബയുടെ അടുത്തേക്ക് വരുന്നത് ബ്രാഹ്മണരാണ്, നിങ്ങൾക്കുതന്നെയാണ് 5000 വർഷങ്ങൾക്ക് മുമ്പും മനസ്സിലാക്കിത്തന്നത്. എഴുതിവെച്ചിട്ടുമുണ്ട് പരമപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യുന്നു എന്ന് .അപ്പോൾ ബ്രഹ്മാവിന്റെ സന്താനങ്ങളല്ലേ. പ്രജാപിതാ ബ്രഹ്മാവ് പ്രശസ്തനല്ലേ. തീർച്ചയായും ബ്രാഹ്മണ –ബ്രാഹ്മിണിമാരും ഉണ്ടാകും. ഇപ്പോൾ നിങ്ങൾ ശൂദ്രധർമ്മത്തിൽ നിന്നും ബ്രാഹ്മണ ധർമ്മത്തിലേക്ക് വന്നിരിക്കുന്നു. വാസ്തവത്തിൽ ഹിന്ദു എന്ന് പറയുന്നവർക്ക് തന്റെ യഥാർത്ഥ ധർമ്മത്തെ അറിയില്ല അതിനാൽ ഓരോ സമയത്ത് ഓരോരുത്തരെ അംഗീകരിക്കുന്നു. ഒരുപാടുപേരുടെ അടുത്തേക്ക് പോകുന്നു. ക്രിസ്ത്യൻസ് ഒരിയ്ക്കലും ആരുടെയടുത്തേക്കും പോവുകയില്ല. ഇപ്പോൾ തെളിയിച്ച് പറഞ്ഞുകൊടുക്കുന്നു– ഭഗവാനായ അച്ഛൻ പറയുന്നു, എന്നെ ഓർമ്മിക്കൂ... ഒരു ദിവസം പത്രങ്ങളിലും വരും,അതായത് ഭഗവാൻ പറയുന്നു– എന്നെ ഓർമ്മിക്കുന്നതിലൂടെയേ നിങ്ങൾ പതിതത്തിൽ നിന്നും പാവനമായി മാറുകയുള്ളു. എപ്പോൾ വിനാശം അടുത്തെത്തുന്നുവോ അപ്പോൾ പത്രങ്ങളിലൂടെയും ഈ ശബ്ദം കാതിൽ വീഴും. പത്രങ്ങളിൽ എവിടെനിന്നെല്ലാം വാർത്തകൾ വരുന്നു. ഇപ്പോഴും നൽകാൻ സാധിക്കും. ഭഗവാനുവാചാ– പരമപിതാ പരമാത്മാവ് പറയുകയാണ്– ഞാനാണ് പതിത പാവനൻ, എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പാവനമായി മാറും. ഈ പതിതലോകത്തിന്റെ വിനാശം മുന്നിൽ നിൽക്കുന്നു. വിനാശം തീർച്ചയായും ഉണ്ടാകണം, ഇതും എല്ലാവർക്കും നിശ്ചയമാകും. റിഹേഴ്സലുകളും നടന്നുകൊണ്ടിരിക്കും. നിങ്ങൾ കുട്ടികൾക്കറിയാം ഏതുവരെ രാജധാനി സ്ഥാപിതമാകുന്നില്ലയോ അതുവരെ വിനാശവും ഉണ്ടാകില്ല, ഭൂകമ്പം മുതലായവയും ഉണ്ടാകണമല്ലോ. ഒരു ഭാഗത്ത് ബോംബുകൾ പൊട്ടും മറുഭാഗത്ത് പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകും. ഭക്ഷണം ലഭിക്കില്ല, കപ്പൽ വരില്ല, വെള്ളപ്പൊക്കമുണ്ടാകും, വിശന്ന് മരിച്ച് എല്ലാം അവസാനിക്കും. നിരാഹാര സമരം ചെയ്യുന്നവർ പോലും വെള്ളമോ, തേനോ സ്വീകരിക്കാറുണ്ട്. തൂക്കം കുറയുന്നു. ഇവിടെയാണെങ്കിൽ ഇരുന്ന ഇരുപ്പിൽ ഭൂകമ്പം ഉണ്ടാകും, മരിച്ചുപോകും. വിനാശം തീർച്ചയായും ഉണ്ടാകണം. വിനാശം ഉണ്ടാകണം അതിനാൽ രാമരാമാ എന്ന് ജപിക്കൂ എന്ന് സാധു സന്യാസിമാർ പറയില്ല. മനുഷ്യന് ഭഗവാനെത്തന്നെ അറിയില്ല. ഭഗവാന് മാത്രമേ ഭഗവാനെ അറിയൂ ബാക്കി ആർക്കും അറിയില്ല. ബാബക്കും വരാൻ സമയമുണ്ട്. ബാബ വന്ന് ഈ വൃദ്ധ ശരീരത്തിൽ പ്രവേശിച്ച് മുഴുവൻ സൃഷ്ടിയുടേയും ആദി– മദ്ധ്യ– അന്ത്യ ജ്ഞാനം കേൾപ്പിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ തിരിച്ചുപോകണം. ഇതിൽ സന്തോഷിക്കുകയാണ് ചെയ്യേണ്ടത്. നമ്മൾ ശാന്തിധാമത്തിലേക്ക് പോവുകയാണ്. മനുഷ്യർ ശാന്തി തന്നെയാണ് ആഗ്രഹിക്കുന്നത് പക്ഷേ ശാന്തി ആര് നൽകും? ശാന്തിദേവാ.... എന്ന് വിളിക്കാറുണ്ടല്ലോ ഇപ്പോൾ ദേവന്മാരുടെ ദേവൻ ഒരേയൊരു ഉയർന്നതിലും ഉയർന്ന അച്ഛനാണ്. ബാബ പറയുന്നു ഞാൻ നിങ്ങളെല്ലാവരേയും പാവനമാക്കി മാറ്റി കൂടെക്കൊണ്ടുപോകും. ഒരാളെപ്പോലും വിട്ടുകളയില്ല. ഡ്രാമയനുസരിച്ച് എല്ലാവർക്കും പോകണം. കൊതുകിൻ കൂട്ടത്തെപ്പോലെ ആത്മാക്കൾ പോകും എന്ന് പാട്ടുണ്ട്. സത്യയുഗത്തിൽ വളരെക്കുറച്ച് മനുഷ്യരേ ഉണ്ടാകൂ എന്നതും അറിയാം. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യത്തിൽ എത്രയധികം മനുഷ്യരാണ് പിന്നീട് എങ്ങനെ കുറച്ചുപേരാകും? ഇപ്പോഴാണ് സംഗമം. നിങ്ങൾ സത്യയുഗത്തിലേയ്ക്ക് പോകാനായി പുരുഷാർത്ഥം ചെയ്യുകയാണ്. അറിയാം ഈ വിനാശം ഉണ്ടാകും. കൊതുകിനെപ്പോലെ ആത്മാക്കൾ പോകും. മുഴുവൻ കൂട്ടവും പോകും. സത്യയുഗത്തിൽ വളരെക്കുറച്ചുപേരേ ഉണ്ടാകൂ.

ബാബ പറയുന്നു ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്, കണ്ടുകൊണ്ടും നമ്മൾ കാണുന്നില്ല. നമ്മൾ ആത്മാക്കളാണ്, നാം നമ്മുടെ വീട്ടിലേക്ക് പോകും.സന്തോഷത്തോടെ പഴയ ശരീരം ഉപേക്ഷിക്കണം. തന്റെ ശാന്തിധാമത്തെ ഓർമ്മിച്ചുകൊണ്ടിരുന്നാൽ അന്തിമസ്മൃതിപോലെ ഗതിയുണ്ടാകും. ഒരു ബാബയെ ഓർമ്മിക്കുക ഇതിലാണ് പരിശ്രമം. പരിശ്രമമില്ലാതെ ഉയർന്ന പദവി ലഭിക്കുമോ? ബാബ വരുന്നതുതന്നെ നിങ്ങളെ നരനിൽ നിന്നും നാരായണനാക്കി മാറ്റാനാണ്. ഇപ്പോൾ ഈ പഴയ ലോകത്തിൽ ഒരു സമാധാനവുമില്ല. സമാധാനം ശാന്തിധാമത്തിലും, സുഖധാമത്തിലുമാണുള്ളത്. ഇവിടെയാണെങ്കിൽ വീടുവീടാന്തരം അശാന്തിയും, വഴക്കും, അടിപിടിയുമാണ്. ബാബ പറയുന്നു ഇപ്പോൾ ഈ മോശമായ ലോകത്തെ മറക്കൂ. മധുര മധുരമായ കുട്ടികളേ, ഞാൻ നിങ്ങൾക്കായി സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യാനായി വന്നതാണ്, ഈ നരകത്തിൽ നിങ്ങൾ പതിതരായി മാറിയിരിക്കുന്നു. ഇപ്പോൾ സ്വർഗ്ഗത്തിലേയ്ക്ക് പോകണം. ഇപ്പോൾ ബാബയേയും സ്വർഗ്ഗത്തേയും ഓർമ്മിക്കു എങ്കിൽ അന്തിമസ്മൃതി പോലെ ഗതിയുണ്ടാകും. വിവാഹങ്ങളിൽ പങ്കെടുത്തോളൂ പക്ഷേ ബാബയെ ഓർമ്മിക്കു. മുഴുവൻ ജ്ഞാനവും ബുദ്ധിയിൽ ഉണ്ടാവണം. വീട്ടിൽ ഇരുന്നോളൂ, കുട്ടികളെ പരിപാലിക്കൂ പക്ഷേ ബുദ്ധിയിൽ ഓർമ്മയുണ്ടാകണം– ബാബയുടെ ആജ്ഞയാണ് എന്നെ ഓർമ്മിക്കൂ. വീട് ഉപേക്ഷിക്കേണ്ട ആവശ്യമില്ല. ഇല്ലെങ്കിൽ ആര് കുട്ടികളെ സംരക്ഷിക്കും? ഭക്തർ വീട്ടിൽത്തന്നെയാണ് ഇരിക്കുന്നത്, ഗൃഹസ്ഥത്തിൽ ഇരിക്കുന്നുവെങ്കിലും ഭക്തർ എന്നാണ് വിളിക്കുന്നത് എന്തുകൊണ്ടെന്നാൽ ഭക്തി ചെയ്യുന്നുണ്ട്, വീടും കുടുംബവും സംരക്ഷിക്കുന്നുണ്ട്. വികാരത്തിലേയ്ക്ക് പോവുകയാണെങ്കിലും സന്യാസിമാർ അവരോട് പറയും, കൃഷ്ണനെ ഓർമ്മിക്കൂ എങ്കിൽ കൃഷ്ണനെപ്പോലെയുള്ള കുഞ്ഞ് ജനിക്കും. ഈ കാര്യങ്ങളിലേക്ക് നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ പോകേണ്ടതില്ല എന്തുകൊണ്ടെന്നാൽ നിങ്ങളെ ഇപ്പോൾ സത്യയുഗത്തിലേക്ക് പോകുന്നതിനുള്ള കാര്യങ്ങളാണ് കേൾപ്പിക്കുന്നത്, അതിന്റെ സ്ഥാപന നടക്കുകയാണ്. വൈകുണ്ഠത്തിന്റെ സ്ഥാപന ഏതെങ്കിലും കൃഷ്ണനല്ല ചെയ്യുന്നത്, കൃഷ്ണൻ അധികാരിയാണ് ആവുന്നത്. ബാബയിൽ നിന്നും സമ്പത്ത് എടുത്തിട്ടുണ്ട്. സംഗമത്തിന്റെ സമയത്താണ് ഗീതയുടെ ഭഗവാൻ വരുന്നത്. കൃഷ്ണനെ ഭഗവാൻ എന്ന് വിളിക്കില്ല. കൃഷ്ണൻ പഠിക്കുന്നയാളല്ലേ. ഗീത കേൾപ്പിച്ചത് അച്ഛനാണ് പിന്നെ കുട്ടികളാണ് കേട്ടത്. ഭക്തി മാർഗ്ഗത്തിൽ പിന്നീട് അച്ഛന്റെ പേരിനുപകരം മകന്റെ പേരുവെച്ചു. അച്ഛനെ മറന്നതിനാൽ ഗീതയും ഖണ്ഡിക്കപ്പെട്ടു. തെറ്റായ ആ ഗീത പഠിക്കുന്നതിലൂടെ എന്തുണ്ടാകും. ബാബ രാജയോഗം പഠിപ്പിച്ചിട്ടുപോയി, ഇതിലൂടെ കൃഷ്ണൻ സത്യയുഗത്തിന്റെ അധികാരിയായി മാറി. ഭക്തിമാർഗ്ഗത്തിൽ സത്യനാരായണന്റെ കഥ കേൾക്കുന്നതിലൂടെ എന്താ ആരെങ്കിലും സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുമോ? ആരും ഈ ഉദ്ദ്യേശത്തോടെ കേൾക്കുന്നില്ല, അതിനാൽ ഒരു പ്രയോജനവുമില്ല. സാധു സന്യാസിമാർ അവരവരുടെ അഭിപ്രായങ്ങൾ നൽകുന്നു, ഫോട്ടോ നൽകുന്നു. ഇവിടെ അങ്ങനെയുള്ള കാര്യങ്ങളൊന്നുമില്ല. മറ്റു സത്സംഗങ്ങളിൽ പോവുകയാണെങ്കിൽ ഇന്ന സ്വാമിയുടെ കഥയാണ് എന്ന് പറയാറുണ്ട്. ആരുടെ കഥയാണ്? വേദാന്തത്തിലെ കഥ, ഗീതയിലെ കഥ, ഭാഗവതത്തിലെ കഥ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മെ പഠിപ്പിക്കുന്നത് ഒരു ദേഹധാരിയല്ല, ഏതെങ്കിലും ശാസ്ത്രം പഠിച്ച ആളുമല്ല. എന്താ ശിവബാബ ഏതെങ്കിലും ശാസ്ത്രം പഠിച്ചിട്ടുണ്ടോ! പഠിക്കുന്നത് മനുഷ്യരാണ്. ശിവബാബ പറയുന്നു– ഞാൻ ഗീത മുതലായ ഒന്നും പഠിച്ചിട്ടില്ല. ഞാൻ ഇരിക്കുന്ന ഈ രഥം പഠിച്ചിട്ടുണ്ട്, ഞാൻ പഠിച്ചിട്ടില്ല. എന്നിൽ മുഴുവൻ സൃഷ്ടി ചക്രത്തിന്റേയും ആദി മദ്ധ്യ അന്ത്യ ജ്ഞാനമുണ്ട്. ബ്രഹ്മാബാബ ദിവസവും ഗീത പഠിക്കുമായിരുന്നു. തത്തയെപ്പോലെ ഉരുവിടുമായിരുന്നു, എപ്പോൾ ബാബ പ്രവേശിച്ചോ അപ്പോൾ ഉടൻതന്നെ ഗീതയെ ഉപേക്ഷിച്ചു എന്തുകൊണ്ടെന്നാൽ ഇത് ശിവബാബയാണ് കേൾപ്പിക്കുന്നത് എന്നത് ബുദ്ധിയിലേയ്ക്ക് വന്നു.

ബാബ പറയുന്നു, ഞാൻ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി നൽകുന്നു അതിനാൽ ഇപ്പോൾ പഴയ ലോകത്തോടുള്ള മമത്വത്തെ ഇല്ലാതാക്കൂ. കേവലം എന്നെ മാത്രം ഓർമ്മിക്കൂ. ഈ പരിശ്രമം ചെയ്യണം. സത്യമായ പ്രിയതമക്ക് അടിക്കടി പ്രിയതമന്റെ ഓർമ്മതന്നെയായിരിക്കും വരിക. അതിനാൽ ഇപ്പോൾ ബാബയുടെ ഓർമ്മയിലും ഇതുപോലെ പക്കയായിരിക്കണം. പാരലൗകിക പിതാവ് പറയുന്നു– കുട്ടികളേ, എന്നെ ഓർമ്മിക്കൂ... പിന്നെ സ്വർഗ്ഗമാകുന്ന സമ്പത്തിനെ ഓർമ്മിക്കൂ... ഇതിൽ ശബ്ദമുണ്ടാക്കുകയോ, മണിയടിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. നല്ല നല്ല ഗീതങ്ങൾ ലഭിക്കുമ്പോൾ അത് പാടാറുണ്ട്, അതിന്റെ അർത്ഥവും നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു. ഗീതം നിർമ്മിക്കുന്നവർക്ക് സ്വയം അതിന്റെ അർത്ഥം ഒന്നുംതന്നെ അറിയില്ല. മീര ഭക്തയായിരുന്നു, നിങ്ങളിപ്പോൾ ജ്ഞാനികളാണ്. കുട്ടികളിൽ നിന്ന് ഏതെങ്കിലും ജോലി ശരിയായി വന്നില്ലെങ്കിൽ ബാബ പറയും ,നിങ്ങൾ ഭക്തരെപ്പോലെയാണല്ലോ എന്ന്. അപ്പോൾ അവർ മനസ്സിലാക്കും ബാബ എന്തുകൊണ്ടാണ് ഞങ്ങളെ അങ്ങനെ പറഞ്ഞത്? ബാബ മനസ്സിലാക്കിത്തരുന്നു– കുട്ടികളേ, ഇപ്പോൾ ബാബയെ ഓർമ്മിക്കു, സന്ദേശവാഹകനാകൂ, വഴികാട്ടിയാവൂ, എല്ലാവർക്കും

ഈ സന്ദേശം നൽകൂ അതായത്, ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഭസ്മമാകും. ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകാനുള്ള സമയമാണ്. ഭഗവാൻ ഒരേയൊരു നിരാകാരനാണ്, ഭഗവാന് സ്വന്തമായി ശരീരമില്ല. ബാബ തന്നെയാണ് ഇരുന്ന് തന്റെ പരിചയം നൽകുന്നത്. മന്മനാഭവ എന്ന മന്ത്രം നൽകുന്നു. സാധു സന്യാസിമാർ ഒരിക്കലും ഇപ്പോൾ വിനാശം ഉണ്ടാകാൻ പോവുകയാണ്, ബാബയെ ഓർമ്മിക്കൂ എന്ന് പറയില്ല. ബാബ തന്നെയാണ് ബ്രാഹ്മണ മക്കൾക്ക് ഓർമ്മ ഉണർത്തുന്നത്. ഓർമ്മയിലൂടെ ആരോഗ്യവും പഠിപ്പിലൂടെ സമ്പത്തും ലഭിക്കും. നിങ്ങൾ കാലനു മേൽ വിജയം നേടുകയാണ്. അവിടെ ഒരിക്കലും അകാലമൃത്യു ഉണ്ടാകില്ല. ദേവതകൾ കാലനുമേൽ വിജയം നേടിയിട്ടുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും.  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടി കൾക്ക്  നമസ്കാരം.

## ധാരണക്കുളള മുഖ്യമായ സാരം

1) ബാബയിൽ നിന്ന് ഭക്തൻ എന്ന ടൈറ്റിൽ ലഭിക്കത്തക്ക വിധത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്. സന്ദേ ശവാഹകരായി മാറി എല്ലാവർക്കും ബാബയേയും സമ്പത്തിനേയും ഓർമ്മിക്കുന്നതിനുള്ള സന്ദേശം നൽകണം.

2) ഈ പഴയ ലോകത്തിൽ ഒരു സുഖവുമില്ല, ഇത് വളരെ മോശമായ ലോകമാണ് അതിനാൽ ഇതിനെ മറ ക്കണം. വീടിനെ ഓർമ്മിക്കുന്നതിനോടൊപ്പമൊപ്പം പാവനമായി മാറുന്നതിനായി ബാബയേയും തീർച്ച യായും ഓർമ്മിക്കണം.

## വരദാനം-ഗൃഹസ്ഥത്തിലിരുന്നുകൊണ്ടും പരവൃത്തിയിൽ ഇരിക്കുന്ന നിരന്തര യോഗി യായി ഭവിക്കട്ടെ.

നിരന്തരയോഗിയായി മാറുന്നതിനുള്ള സഹജമായ മാർഗ്ഗമാണ് ഗൃഹസ്ഥത്തിലിരുന്നുകൊണ്ടും പരവൃ ത്തിയിലിരിക്കുക എന്നത്. പരവൃത്തി അർത്ഥം ആത്മസ്വരൂപം. ആരാണോ ആത്മസ്വരൂപത്തിൽ  സ്ഥിതി ചെയ്യുന്നത് അവർ സദാ വേറിട്ടിരിക്കുകയും അതേസമയം ബാബക്ക് പ്രിയപ്പെട്ടവരായി മാറുകയും ചെയ്യു ന്നു, അവർക്ക് എന്തുചെയ്യുകയാണെങ്കിലും അത് ജോലിയായി തോന്നില്ല മറിച്ച് കളിയായി മാത്രം തോന്നും. അതിനാൽ ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും ആത്മസ്വരൂപത്തിൽ ഇരിക്കുന്നതിലൂടെ എല്ലാം വിനോദ മെന്നരീതിയിൽ അനുഭവമാകും. ബന്ധനമെന്ന് തോന്നുകയേയില്ല. ഇതിനായി സ്നേഹത്തിനും, സഹയോ ഗത്തിനുമൊപ്പം ശക്തിയെ കൂട്ടിച്ചേർക്കുക മാത്രമേ വേണ്ടൂ. അപ്പോൾ ഹൈജംപ് ചെയ്യാനാകും.

## സ്ലോഗൻ : സൂക്ഷ്മബുദ്ധി അഥവാ ആത്മാവിന്റെ ഭാരരഹിതമായ അവസ്ഥയാണ് ബ്രാഹ്മ ണജീവിതത്തിന്റെ  വ്യക്തിത്വം.

**അവ്യക്തസൂചന-സത്യതയും, സഭ്യതയുമാകുന്ന സംസ്ക്കാരങ്ങളെ തന്റേതാക്കി മാറ്റൂ..**
ധൈര്യശാലികളും, ശക്തരുമായ കുട്ടികൾക്ക് സർവ്വശക്തിവാന്റെ സഹായം തീർച്ചയായും ലഭിക്കുന്നു. സിംഹിണികൾ ഒരിക്കലും ആരേയും  ഭയപ്പെടാറില്ല.നിർഭയരായി ഇരിക്കും.എന്താവുമോ എന്നറിയില്ല എന്ന ഭയംപോലും അവർക്കുണ്ടാകില്ല.സത്യതയുടെ ശക്തിസ്വരൂപമായി മാറി ലഹരിയോടെ സംസാരി ക്കണം.ലഹരിയോടെ കാണണം.നമ്മൾ സർവ്വശക്തിവാന്റെ ഗവണ്മെന്റിന്റെ അനുയായികളാണ്.സ്മൃതി യിലൂടെ അസത്യത്തെ സത്യത്തിലേക്ക് കൊണ്ടുവരണം.സത്യത്തെ ഒളിപ്പിച്ചുവെക്കരുത്,പ്രസിദ്ധമാക്ക ണം.കൂടാതെ സത്യതയോടെ സംസാരിക്കുമ്പോൾ മധുരതയും, സഭ്യതയും ആവശ്യമാണ്.